# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 122

08-06-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ് | : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

(എ) വിഴിഞ്ഞം ഇന്റർനാഷണൽ ഡീപ്പ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട് പ്രോജക്ട് നടപ്പിലാക്കുന്നതിനു വേണ്ടി, ഇതിനകം വിളിക്കപ്പെട്ട ടെണ്ടറുകൾ എത്ര ; ഏതെല്ലാം തീയതികളിൽ എത്ര തവണ ടെണ്ടർ വിളിച്ചിട്ടുണ്ട് ;

(എ) വിഴിഞ്ഞം ഇന്റർനാഷണൽ ഡീപ്പ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട് പ്രോജക്ട് നടപ്പിലാക്കുന്നതിനു വേണ്ടി നാലു ടെണ്ടറുകൾ വിളിച്ചു. ഇതിൽ ആദ്യത്തേത് 2005 ജൂൺ മാസം 19 ാം തീയതിയും രണ്ടാമത്തെ ടെണ്ടർ 2007 ഓഗസ്റ്റ് മാസം എട്ടാം തീയതിയും മൂന്നാമത്തേത് 2010 നവംബർ മാസം ഇരുപത്തി അഞ്ചാം തീയതിയും നാലാമത്തെ ടെണ്ടർ 2013 ഡിസംബർ മാസം നാലാം തീയതിയുമാണ് വിളിച്ചിട്ടുള്ളത്.

(ബി) ഓരോ ടെണ്ടറിന്റേയും മോഡൽ എന്തായിരുന്നുവെന്നും ഓരോ ടെണ്ടറിലും എത്ര കമ്പനികൾ വീതം പങ്കെടുത്തിട്ടുണ്ടായിരുന്നുവെന്നും, ഓരോ ഘട്ടത്തിലും ബിഡ്ഡിലൂടെ തെരഞ്ഞെടുക്കപ്പെട്ടിരുന്ന കമ്പനികൾ ഏതൊക്കെയായിരുന്നുവെന്നും വിശദമാക്കാമോ ;

(ബി) ആദ്യത്തേയും രണ്ടാമത്തേയും ടെണ്ടറുകൾ പി.പി.പി മോഡൽ അനുസരിച്ചിട്ടാണ് വിളിച്ചത്. മൂന്നാമത്തെ ടെണ്ടർ പി.പി.പി. ഘടകങ്ങളുൾപ്പെട്ട ലാന്റ് ലോർഡ് മാതൃക അടിസ്ഥാനമാക്കിയാണ് വിളിച്ചത്. ഈ മാതൃകയനുസരിച്ച് വി.ജി.എഫ് വിഭാവനം ചെയ്തിട്ടില്ല. അവസാനത്തെ ടെണ്ടർ കേന്ദ്ര ഗവൺമെന്റിന്റെ വി.ജി.എഫ് ലഭ്യമാകുന്ന തരത്തിൽ പി.പി.പി ഘടകങ്ങൾ വിപുലീകരിച്ച് ലാന്റ് ലോർഡ് മാതൃകയിൽ നിലനിർത്തിക്കൊണ്ടാണ് വിളിച്ചിട്ടുള്ളത്.

ആദ്യത്തെ ടെണ്ടറിൽ (2005) രണ്ടു പേർ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയകമ്പനിയ്ക്ക് (Zoom Developers) സുരക്ഷാനുമതി ലഭ്യമായില്ല.

രണ്ടാമത്തെ ടെണ്ടറിൽ(2007) അഞ്ചുപേർ

പങ്കെടുത്തു. ഇതിൽ മൂന്നു പേർ യോഗ്യത നേടി. ലാൻകോ എന്ന കമ്പനിയെ തെരഞ്ഞെടുത്തു വെങ്കിലും വ്യവഹാരത്തെ തുടർന്ന് അവർ പിൻവാങ്ങി. മൂന്നാമത്തെ ടെണ്ടറിൽ (2010) രണ്ടു പേർ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ സമർപ്പിച്ചു. ഇതിൽ സുരാക്ഷാനുമതി ലഭിച്ച ഏക കമ്പനിയുടെ (വെൽസ്പൺ കൺസോർഷ്യം) ടെണ്ടർ സർക്കാർ അംഗീകരിച്ചില്ല. നാലാമത്തെ ടെണ്ടറിൽ അഞ്ചു കമ്പനികൾ റിക്വസ്റ്റ് ഫോർ ക്വാളിഫി ക്കേഷൻ വാങ്ങുകയും യോഗ്യത നേടുകയും ചെയ്തു. ഇതിൽ മൂന്നു കമ്പനികൾ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ വാങ്ങുകയും അദാനി പോർട്ട്സ് & സ്പെഷ്യൽ എകണോമിക് സോൺ ലിമിറ്റഡ് എന്ന കമ്പനി മാത്രം ബിഡ് സമർപ്പിക്കു കയും ചെയ്തു. പ്രസ്തുത ബിഡ് അംഗീകരിക്കു ന്നത് സംബന്ധിച്ച നടപടികൾ അന്തിമ ഘട്ടത്തി ലാണ്.

(സി) തെരഞ്ഞെടുക്കപ്പെട്ടിരുന്ന കമ്പനികൾ അതത് ഘട്ടത്തിൽ മുന്നോട്ട് വച്ചിരുന്ന പ്രമുഖ വ്യവസ്ഥകൾ എന്തെല്ലാമായി രുന്നു ; ഒടുവിൽ ഏതെല്ലാം കാരണങ്ങളാലായിരുന്നു തെരഞ്ഞെടുക്കപ്പെട്ട കമ്പനി കളുമായി എഗ്രിമെന്റ് വെയ്ക്കാതിരിക്കുകയോ ഓഫർ റദ്ദ് ചെയ്യുകയോ ചെയ്യാതിരുന്നത് ;

(സി) ടെണ്ടർ നടപടികളിൽ പങ്കാളിയെ തെരഞ്ഞെടുക്കു ന്നതിനുള്ള ഏക മാനദണ്ഡം പ്രീമിയം തരുക അല്ലെങ്കിൽ ഗ്രാന്റ് ചോദിക്കുക എന്നതാണ്. യോഗ്യത നേടിയവരിൽ നിന്നും ഏറ്റവും കൂടു തൽ പ്രീമിയം നല്കുന്നതോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ ഗ്രാന്റ് ആവശ്യപ്പെടുന്നതോ ആയ കമ്പ നിയെയാണ് അന്തിമമായി തെരഞ്ഞെടുക്കുന്നത്. 2005 ലും (Zoom Developers), 2010 ലും (വെൽസ്പൺ കൺസോർഷ്യം) നടന്ന ടെണ്ടറിൽ സർക്കാർ ഗ്രാന്റാണ് ആവശ്യപ്പെട്ടത്. എന്നാൽ 2007 ൽ നടന്ന ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ട കൺസഷനയർ (ലാൻകോ) പ്രീമിയം നല്കാം എന്ന് പറഞ്ഞിരുന്നു.

ആദ്യത്തെ ടെണ്ടറിൽ യോഗ്യത നേടിയകമ്പ നിയ്ക്ക് (Zoom Developers) സുരക്ഷാനുമതി ലഭ്യ മായില്ല. രണ്ടാമത്തെ ടെണ്ടറിൽ(2007) അഞ്ചുപേർ പങ്കെടുത്തു ഇതിൽ മൂന്നു പേർ യോഗ്യത നേടി.

ലാൻകോ എന്ന കമ്പനിയ്ക്ക് LOI നല്കിയെങ്കിലും വ്യവഹാരത്തെ തുടർന്ന് അവർ പിൻവാങ്ങി. മൂന്നാമത്തെ ടെണ്ടറിൽ (2010) രണ്ടു പേർ RFP സമർപ്പിച്ചു. ഇതിൽ സുരക്ഷാനുമതി ലഭിച്ച ഏക കമ്പനിയായ വെൽസ്പൺ കൺസോർഷ്യം പദ്ധതിയുടെ അവർ ചെയ്യേണ്ട മൊത്തം പി.പി.പി. ഘടകമായ 970 കോടി രൂപയിൽ, 479.54 കോടി രൂപ ഗ്രാന്റായി ആവശ്യപ്പെട്ടു. സർക്കാർ ചെയ്യേണ്ട മറ്റു ഘടകങ്ങൾ ഒരു ഇ.പി.സി (എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് കൺസ്ട്രക്ഷൻ) വഴി നടപ്പിലാക്കുന്നതിന് സർക്കാർ ടെണ്ടർ ചെയ്യേണ്ടതും സ്വകാര്യ പങ്കാളിയ്ക്ക് ആ ടെണ്ടറിന് First Right of Refusal നൽകേണ്ടതുമായിരുന്നു. ഈ ടെണ്ടർ സർക്കാർ സ്വീകരിച്ചില്ല.

| | |
|---|---|
| (ഡി) ലാന്റ് ലോർഡ് മോഡലിന്റെ പ്രത്യേകത എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ? | (ഡി) 2010 ൽ സർക്കാർ അംഗീകരിച്ച ലാന്റ് ലോർഡ് മോഡലിൽ തുറമുഖത്തിന്റെ ബ്രേക്ക് വാട്ടർ, ഡ്രെഡ്ജിംഗ് & റിക്ലമേഷൻ, ബെർത്ത്, റോഡ് ( സിവിൽ ഇൻഫ്രാ സ്ട്രക്ച്ചർ) എന്നിവയുടെ നിർമ്മാണം Engineering Procurement Construction ടെണ്ടർ മുഖേന സർക്കാരും, സൂപ്പർ സ്ട്രക്ച്ചർ, എക്വിപ്മെന്റ്, പോർട്ട് ഓപ്പറേഷൻ തുടങ്ങിയവ പി.പി.പി. മുഖാന്തിരം തെരഞ്ഞെടുക്കുന്ന കൺസഷനയറുമാണ് ചെയ്യേണ്ടത്. ഈ മാതൃക പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ ശേഷം 30 കൊല്ലം പാട്ടത്തിനു നല്കാനായിരുന്നു വ്യവസ്ഥ. രണ്ടാമത്തെ ഘട്ടത്തിൽ കൺസഷനയർക്ക് First Right of Refusal നൽകേണ്ടതുമുണ്ട്. ഈ ലാന്റ് ലോർഡ് മാതൃകയനുസരിച്ച് സർക്കാരിന് വരുമാന വിഹിതമില്ല. |

സെക്ഷൻ ഓഫീസർ